## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**പോലീസുകാർക്കെതിരെയുള്ള പരാതികൾ അന്വേഷിക്കുന്നതിന് നിക്ഷ്പക്ഷമായ ബദൽ സംവിധാനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3006 — 10.05.2017-ൽ മറുപടി

**ചോദ്യം**
ശ്രീ. അബ്ദുൾ ഹമീദ്.പി

**മറുപടി**
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പോലീസുകാർക്കെതിരെയുള്ള പരാതികൾ പരിശോധിക്കുന്നതിനും അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; | (എ) | പോലീസുകാർക്കെതിരെയുള്ള പരാതികൾ സമർപ്പിക്കുന്നതിനും, ആയതിന്മേൽ അന്വേഷണം ഉത്തരവിടുന്നതിനും അന്വേഷണത്തിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരാണെന്ന് തെളിഞ്ഞാൽ ആയതി മേൽ വകുപ്പുതല/നിയമ നടപടികൾ ശിപാർശ ചെയ്യുന്നതിന് സംസ്ഥാനതല/ ജില്ലാതല പോലീസ് കംപ്ലെയിൻസ് അതോറിറ്റികൾ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, ലോകായുക്ത, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ എന്നിവ ഉൾപ്പെടുന്ന ഒരു വിപുലമായ സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. ആയതിനു പുറമേ ഓരോ ഔദ്യോഗിക തലത്തിലുള്ള പോലീസുകാർക്കെതിരെയുള്ള പരാതികളിൽ ഉചിതമായ അന്വേഷണം നടത്തുന്നതിനും, കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും 1958 കേരള പോലീസ് വകുപ്പുതല അന്വേഷണങ്ങളും, ശിക്ഷയും അപ്പീലും ചട്ടങ്ങൾ പ്രകാരം വ്യക്തമായ നിർദേശങ്ങളും നിലവിലുണ്ട്. ആയതിനും പുറമേ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ ജുഡീഷ്യൽ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പോലീസുകാർക്കെതിരെയുള്ള പരാതികൾ പോലീസുദ്യോഗസ്ഥർ തന്നെ അന്വേഷിക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണത്തിലെ നിഷ്പക്ഷത ഉറപ്പ് വരുത്തുന്നതിനായി ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. ഇത്തരം അന്വേഷണങ്ങളും നടപടികളും നിഷ്പക്ഷവും നീതിപൂർവ്വകവുമായിയാണ് നടത്തി വരുന്നത്. നിലവിലുള്ള സംവിധാനങ്ങൾ തൃപ്തികരമായി പ്രവർത്തിക്കുന്നതിനാലും, ആക്ഷേപങ്ങളിന്മേൽ പരിഹാരം തേടുന്നതിന് ജുഡീഷ്യൽ സംവിധാനങ്ങൾ ഉൾപ്പെടെ മറ്റ് സംവിധാനങ്ങൾ നിലവിലുള്ളതിനാലും ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | പോലീസുകാർക്കെതിരെയുള്ള പരാതികൾ പോലീസുകാരിൽ നിന്നുതന്നെ റിപ്പോർട്ട് സ്വീകരിച്ച് ക്ലോസ് ചെയ്യുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | വിവിധ ഔദ്യോഗികതലങ്ങളിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തുന്നതിനും, ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും 1958-ലെ കേരള പോലീസ് വകുപ്പുതല അന്വേഷണങ്ങളും, ശിക്ഷയും അപ്പീലും ചട്ടങ്ങൾ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പോലീസുകാർക്കെതിരെ പോലീസുകാർ തന്നെ അന്വേഷണം നടത്തി ഏകപക്ഷീയമായി കുറ്റവിമുക്തരാകുന്ന സാഹചര്യത്തിൽ ടി ചട്ടത്തിലെ 36(എ) ചട്ടം പ്രകാരം അന്വേഷണ റിപ്പോർട്ടുകൾ വിളിച്ചു വരുത്തി പരിശോധിക്കുന്നതിനും, ഉചിതമായ നിർദ്ദേശങ്ങളും സർക്കാരിൽ നിന്നും നൽകി വരുന്നുണ്ട്. ആയതിലും അതൃപ്തരായവർക്ക് ആക്ഷേപങ്ങൾ ഉന്നയിക്കുവാനും, നിയമ നടപടികൾ സ്വീകരിക്കുവാനും ജുഡീഷ്യൽ സംവിധാനങ്ങളും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ